# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7458** | **17-07-2012 ൽ മറുപടിയ്ക്ക്**

## നെൽക്കൃഷിക്ക് അനുകൂല സാഹചര്യങ്ങൾ

**ചോദ്യം**

ശ്രീ.എം.ഹംസ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് നെൽ കൃഷിക്ക് അനുകൂല സാഹചര്യങ്ങൾ ഉള്ളതും, ഉൽപ്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നെല്ലിന്റെ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) പ്രസ്തുത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 300 ലക്ഷം രൂപയുടെ പദ്ധതി 2012-13 വർഷം നടപ്പിലാക്കി വരുന്നു. ഹെക്ടറിന് 3000 രൂപയുടെ ആനുകൂല്യം നൽകി സംസ്ഥാനത്തെ 14 ജില്ലകളിലെ പ്രമുഖ നെൽകൃഷി മേഖലകളിലായി 1,00,000 ഹെക്ടർ സ്ഥലത്ത് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. |

(സി) സംസ്ഥാനത്ത് നിലവിലുള്ള ഉല്പാദനം എത്രയാണ്; എത്രയായി വർദ്ധിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(സി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം 2010-11 വർഷം മൂന്നുവിളകളിലുമായി നെൽകൃഷി ചെയ്ത 2,13,187 ഹെക്ടർ സ്ഥലത്തു നിന്നും 5,22,738 ടൺ വിളവാണ് ലഭിച്ചത്. ഉല്പാദനക്ഷമത ഹെക്ടറിന് 2010-11 വർഷം 2452 കിലോഗ്രാം ആയിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ഒരു ഹെക്ടറിൽ നിന്നും 3000 കിലോഗ്രാം നെല്ലിന്റെ ഉല്പാദനക്ഷമത കൈവരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി 54800 ടൺ അധിക വിളവ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2012-13 വർഷത്തിൽ ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത്; അത് പര്യാപ്തമാണോ; അല്ലെങ്കിൽ വർദ്ധിപ്പിക്കുമോ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കും എന്ന് വിശദമാക്കുമോ?

(ഡി) 2012-13 വർഷത്തിൽ 300 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഒരു ലക്ഷം ഹെക്ടറിൽ മാത്രമാണ് 2012-13 വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

സെക്ഷൻ ഓഫീസർ